"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീ.പ്രബീഷ്.എൻ.കെ, റേഞ്ച് ഓഫീസർ ട്രെയിനി സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവാകുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.208/2023/F&WLD തീയതി,തിരുവനന്തപുരം, 27-05-2023

പരാമർശം:-

1. നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കണ്ണൂർ-ന്റെ 22.04.2019-ലെ ഇ2-8320/17 നമ്പർ അന്തിമ ഉത്തരവ്
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) ന്റെ 05.04.2022 -ലെ ബി1-433/2021 നമ്പർ ഉത്തരവ്.
3. ശ്രീ.പ്രബിഷ്.എൻ.കെ, റേഞ്ച് ഓഫീസർ ട്രെയിനി 31.08.2022- ൽ സമർപ്പിച്ച പുന: പരിശോധനാ ഹർജ്ജി.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ 17.04.2023-ലെ KFDHQ/433/2021-Admin/B1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ഡിവിഷൻ പരിധിയിൽ പെരുവണ്ണാമൂഴി റേഞ്ചിൽ 13.05.2015 മുതൽ 16.05.2017 വരെയുള്ള കാലയളവിൽ ജോലി ചെയ്തിരുന്ന സീനിയർ ക്ലാർക്ക് ശ്രീ.പ്രബീഷ്.എൻ.കെ ഔദ്യോഗിക ജോലികൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നുവെന്നും അച്ചടക്കമില്ലാത്ത പെരുമാറുന്നുവെന്നുള്ള കോഴിക്കോട് ഡിവിഷണൽ ഫോറസ്ററ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്ററ് കൺസർവേറ്റർ ലഘു ശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി പരാമർശം (1) പ്രകാരം തീർപ്പാക്കി ഉത്തരവായി. ടി ഉത്തരവിനെതിരെ ശ്രീ.പ്രബീഷ്. എൻ. കെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അപ്പീൽ സമർപ്പിച്ചു. ശ്രീ.എൻ.കെ.പ്രബീഷ് സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്നതിനാൽ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ഇൻക്രിമെന്റ് യഥാസമയം നൽകാനായിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാലും ടിയാന്റെ അപ്പീൽ അപേക്ഷയിൽ പരിഗണനാർഹമായ വാദഗതികളൊന്നും തന്നെ ഉന്നയിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച അപ്പീൽ നിരസിച്ചു കൊണ്ടും നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കണ്ണൂർ നൽകിയ ശിക്ഷ നിലനിർത്തികൊണ്ടും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം

ഉത്തരവാക്കുകയുണ്ടായി .

2) മേൽ ഉത്തരവിനെതിരെ പരാമർശം (3) പ്രകാരം ശ്രീ.പ്രബീഷ്.എൻ.കെ. സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു. ജീവനക്കാരുടെ സേവനസംബന്ധമായ ഫയലുകളും രജിസ്റ്ററുകളും മറ്റും ആക്കുന്നതിൽ നിസ്സാര കാലതാമസം വന്നുപോയിട്ടുണ്ടെങ്കിൽ തന്നെ, അവയൊന്നും ജീവനക്കാരുടെ ആനുകല്യങ്ങൾ നഷ്ടപ്പെടുന്നതിലേക്കോ, താമസിക്കുന്ന സ്ഥിതിയിലേക്കോ എത്തിയിരുന്നില്ലെന്നും ടിയാൻ ഔദ്യോഗിക കൃത്യങ്ങളിൽ ഗുരുതര വീഴ്ചകളെന്തെങ്കിലും വരുത്തിയതായി ആരോപിക്കപ്പെട്ടില്ലെന്നും നിസ്സാര വീഴ്ചകൾ പിന്നീട് പരിഹരിക്കപ്പെട്ടതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും മേൽ സാഹചര്യത്തിൽ ടിയാനെ കുറ്റവിമുക്തനാക്കി ശിക്ഷ വിധികൾ റദ്ദ് ചെയ്ത് ഉത്തരവാകുന്നതിന് അഭ്യർത്ഥിക്കുകയുണ്ടായി.

3) ഇൻക്രിമെന്റ് രജിസ്റ്ററിലും സേവന പുസ്തകത്തിലും വിട്ടുപോയ രേഖപ്പെടുത്തലുകളും , കാഷ്വൽ ലീവ് രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ, ജി പി എഫ് വിവരങ്ങളുടെ ഫയൽ എന്നിവയിലെ പ്രവർത്തികളും മറ്റും ശ്രീ.പ്രബീഷ്.എൻ.കെ അച്ചടക്കനടപടി തുടങ്ങിയതിനു ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ആയത് അച്ചടക്കനടപടി ലഘൂകരിക്കപ്പെടണം എന്ന ഉദ്ദേശത്തിലാണ് ചെയ്തതെന്നും ഇൻകം ടാക്സ്, ശമ്പളം എഴുതി നൽകുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ജീവനക്കാർക്ക് യഥാസമയം ഇൻക്രിമെന്റ് ലഭിച്ചിട്ടില്ലായെന്നും കൂടാതെ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും അച്ചടക്കനടപടി തുടങ്ങിയതിനു ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും പരാമർശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം മുകളിൽ വിവരിച്ച വസ്തുതകളുടെയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശിക്ഷാ നടപടിയിൽ ഇളവു വരുത്തുവാൻ പര്യാപ്തമായ വാദങ്ങളൊന്നും ടിയാൻ ഉന്നയിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ.എൻ.കെ.പ്രബീഷ്, റേഞ്ച് ഓഫീസർ ട്രെയിനി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പ്രബീഷ് .എൻ.കെ, റേഞ്ച് ഓഫീസർ ട്രെയിനി

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 29-05-2023 10:35:09